സ്മൃതിവനം പദ്ധതി പ്രകാരം 27 ശ്മശാനങ്ങൾ നവീകരിക്കുന്നതിന് 180.44 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിക്കഴിഞ്ഞു. കൂടാതെ 10 ശ്മശാനങ്ങൾ നവീകരിക്കുന്നതിനുള്ള 140.09 ലക്ഷം രൂപയുടെ പ്രൊപ്പോസൽ പരിഗണനയിലാണ്.

മിഷൻ 676 പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ പദ്ധതികളും നടപ്പിലാക്കുന്നതിനാവശ്യമായ ഫണ്ട് റീ അപ്രോപ്രിയേഷൻ മുഖേനയോ, കോർപ്പസ് ഫണ്ടിൽ നിന്നോ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്.

തിരുവനന്തപുരം ജില്ലയിൽ പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയൽ

280 (4566) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം ജില്ലയിൽ പട്ടികജാതിക്കാർക്കെതിരെ നടന്നിട്ടുള്ള അതിക്രമങ്ങൾക്കെതിരെ പട്ടികജാതി-പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമപ്രകാരം എത്ര കേസ്സുകൾ എടുത്തിട്ടുണ്ട് ; ആയതിന്റെ വിശദ വിവരം ലഭ്യമാക്കുമോ;

(ബി) അതിക്രമത്തിന് ഇരയായവർക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം ജില്ലയിൽ പട്ടികജാതി-പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമപ്രകാരം 460 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. തിരുവനന്തപുരം റൂറൽ പോലീസ് ജില്ലയിൽ 352 ഉം തിരുവനന്തപുരം സിറ്റി പോലീസ് ജില്ലയിൽ 108-ഉം കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം ജില്ലയിൽ പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമം 1989 പ്രകാരം നാളിതുവരെ 138 പേർക്ക് 48,72,500/- രൂപ ആശ്വാസ ധനമായി അനുവദിച്ചിട്ടുണ്ട്. രണ്ട് പേർക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകിയിട്ടുണ്ട്. കൂടാതെ അതിക്രമത്തിന് ഇരയായ ഒരാൾക്ക് വീട് പുനരുദ്ധാരണത്തിന് 4,50,000 രൂപയും ടിയാളുടെ മാതാവിന് ചികിത്സാ ധനസഹായമായി 1,00,000 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly